**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **27-07-2021 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ മേധാവിത്വം വീണ്ടെടുക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് കായിക രംഗത്തുണ്ടായിരുന്ന മേധാവിത്വം വീണ്ടെടുക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്തെ കായികമേഖലയുടെ പുരോഗമനത്തിനും കായികതാരങ്ങളെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായവരെ പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടത്തി വരുന്ന പദ്ധതി പെൺകുട്ടികൾക്കു വേണ്ടി 14 സെന്ററുകളിൽ കൂടി വ്യാപിക്കുന്നതിനുള്ള നടപടി പൂർത്തികരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കിരിച്ചിട്ടുള്ള ഹൂപ്സ്, ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്പ്രിന്റ്, കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പ്ലേ ഫോർ ഹെൽത്ത്, ജലാശയ അപകടങ്ങളുടെ തോത് |

കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സ്പ്ലാഷ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ ഗവ.ഹയർ സെക്കന്ററി സ്കൂൾ കുന്നംകുളത്ത് ഏഴ്, എട്ട് ക്ലാസ്സുകളിൽ 30 കുട്ടികളെ വീതം ഉൾപ്പെടുത്തി സ്പോർട്സ് ഡിവിഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ഷൂട്ടിംഗ് അക്കാഡമി ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുമായി സഹകരിച്ച് ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നൽകുന്നത്. ജൂഡോക്ക 8 മുതൽ 11 വയസ്സ് പ്രായമുള്ള കുട്ടികൾക്ക് ജൂഡോ പരിശീലനം നടക്കുന്നതിന് ജൂഡോക്ക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി പഞ്ച് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡൻസ് ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2019-20ൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമത പരിശോധന നടത്തിയിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും

44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ജി.വി.രാജാ സ്പോർട്ട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ കായിക വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ കായിക വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികളുടെ കായിക നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലകർ, കായിക ഉപകരണങ്ങൾ, താമസത്തിനായി നവീകരിച്ച ഹോസ്റ്റലുകൾ, മികച്ച ഭക്ഷണം എന്നിവ ഉൾപ്പെടെ എല്ലാ മേഖലയിലും ആവശ്യമായ പ്രവർത്തനങ്ങളും സൗകര്യങ്ങളും നൽകി വരുന്നു. കായികയുവജനകാര്യാലയവും വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പട്ട കായിക പരിശീലകർക്ക് മാസ്റ്റർ ട്രെയിനേഴ്സ് ട്രെയനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽ നിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു

| | | | |
|---|---|---|---|
| | | | കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഫുട്ബോൾ എന്ന കായികയിനത്തിൽ വനിതാ കായിക താരങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ ഒരു വനിതാ ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോവിഡ് പ്രതിസന്ധി മൂലം പരിശീലനം നിലച്ചത് കായികതാരങ്ങളുടെ ഭാവി പ്രകടനത്തെ ബാധിക്കാതിരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്; വിശദമാക്കുമോ? | (ബി) | കായിക പരിശീലകരുടെ നേതൃത്വത്തിൽ ജി.വി.രാജ സ്പോർട്സ് സ്കൂളിലെയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെയും കുട്ടികൾക്കായി ഓൺലൈൻ പരിശീലനം നടത്തി വരുന്നു. വിപുലീകരിച്ച ഓൺലൈൻ ക്ലാസ്സുകൾ സി-ഡിറ്റുമായി ചേർന്ന് വിദഗ്ധരെ ഉൾപ്പെടുത്തി തയ്യാറാക്കി വരുന്നു. ലോക്കഡൗൺ മൂലം പരിശീലനം മുടങ്ങിയ സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങളുടെ ഫിറ്റ്നസ് നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടും കായിക താരങ്ങളുടെ മാനസികസമ്മർദ്ദം കുറയ്ക്കുന്നതിനും, വീട്ടിലിരുന്ന് തന്നെ ചെയ്യാൻ കഴിയുന്ന ട്രെയിനിംഗ് പ്ലാനുകൾ കുട്ടികൾക്ക് ഓൺലൈൻ ആയി പഠിപ്പിക്കുന്നതിന് കൗൺസിലിലെ പരിശീലകരെ നിയോഗിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് പരിശീലനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ അവരുടെ കായികക്ഷമതയും ആരോഗ്യവും നിലനിർത്തുന്നതിന്റെ ഭാഗമായി പോഷകാഹാരങ്ങൾ ഉൾപ്പെടുന്ന ഭക്ഷ്യകിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ